ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.02.2025**

## പ്രധാനവാർത്തകൾ

1. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം നാളെ.

2. ശബരിമല റോപ് വേ പദ്ധതി നിർമ്മാണം വൈകാതെ ആരംഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ.

3. ആശവർക്കർമാരോട് സംസ്ഥാന സർക്കാരിന് അനുഭാവപൂർണമായ നിലപാടാണെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ. ആശമാരുടെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് കോൺഗ്രസ്സ്.

4. മഹാശിവരാത്രിയോടനുബന്ധിച്ച് സംസ്ഥാനത്തെ ശിവക്ഷേത്രങ്ങളിൽ ഭക്തർക്കായി വിപുലമായ ക്രമീകരണങ്ങൾ. ബലിതർപ്പണത്തിനൊരുങ്ങി ആലുവ മണപ്പുറം.

5. സംസ്ഥാനത്തെ വിവിധയിടങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയെന്ന് മുന്നറിയിപ്പ്.

6. രഞ്ജി ട്രോഫി ക്രിക്കറ്റിൻറെ കിരീടപ്പോരാട്ടത്തിൽ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ 254 റൺസ് എന്ന നിലയിൽ.

************************************

## രാഷ്ട്രപതി

സ്ത്രീകളുടെ വികസനത്തിൽ നിന്ന് സ്ത്രീകൾ നയിക്കുന്ന വികസനത്തിലേക്ക് രാജ്യം നീങ്ങുമ്പോൾ, അവരെ ശാക്തീകരിക്കാനുള്ള ശ്രമങ്ങൾ സമൂഹത്തിൻ്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഛത്തർപൂരിലെ ഗാധയിൽ ശ്രീ ബാഗേശ്വർ ജൻ സേവാ സമിതി സംഘടിപ്പിച്ച സമൂഹ വിവാഹച്ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സ്വാശ്രയവും, ഐക്യമുള്ളതും പരിസ്ഥിതി സൗഹൃദവുമായ ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ സമകാലിക ആത്മീയ നേതാക്കൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും രാഷ്ട്രപതി പറഞ്ഞു.

***********************************

## ഉന്നതതല യോഗം - മുഖ്യമന്ത്രി

RIJU TVPM

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം നാളെ. ഉച്ചയ്ക്ക് 3.30 ന് സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആണ് യോഗം. വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നഹിതരാകും.

***********************************

## ശബരിമല റോപ്പ് വേ - വി.എൻ വാസവൻ

ശബരിമല റോപ്പ് വേ പദ്ധ തി നിർമ്മാണത്തിന് ഉടൻ തുടക്കമാകുമെന്ന് മന്ത്രി വി.എൻ. വാസവൻ. കൂടാതെ പമ്പയിൽ 265 കോടിയുടേയും, നിലയ്ക്കൽ, എരുമേലി, പന്തളം, കഴക്കൂട്ടം, ആറ്റിങ്ങൽ, പുനലൂർ എന്നിവടങ്ങളിൽ 145 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടപിലാക്കും. സാങ്കേതിക തടസ്സങ്ങളെല്ലാം മാറിയതായും മന്ത്രി വ്യക്തമാക്കി.

***********************************

## ആശാ വർക്കർ - കെ.എൻ. ബാലഗോപാൽ - ഇൻട്രോ

ആശവർക്കർമാരോട് സംസ്ഥാന സർക്കാരിന് അനുഭാവപൂർണമായ നിലപാടാണ് ഉള്ളതെന്നും, കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട തുക കിട്ടാത്തതാണ് കുടിശ്ശിക വരാൻ കാരണമെന്നും മന്ത്രി കെ.എൻ. ബാലഗോപാൽ. കൊല്ലത്ത് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്- മന്ത്രി)

ഇത്തരം വിഷയങ്ങളെ യു.ഡി.എഫും, ബി .ജെ .പി .യും രാഷ്ട്രീയമായി ഉപയോഗിക്കുകയാണ്. സ്കീം വർക്കേഴ്സിൻറെ കാര്യം പ്രീ-ബജറ്റ് മീറ്റിങ്ങിൽ ഉൾപ്പെടെ കേന്ദ്രത്തോട് ആവശ്യപ്പെട്ടതാണ്. 12 വർഷമായിട്ടും അലവൻസ് കൂട്ടാൻ കേന്ദ്രം തയ്യാറായില്ലെന്നും ബാലഗോപാൽ പറഞ്ഞു.

***********************************

RIJU TVPM

## ആശാ വർക്കർ- കെ പി സി സി

ആശാ വർക്കർമാരുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നത് വരെ സമരത്തിന് കോൺഗ്രസ്സ് പിന്തുണ നൽകുമെന്ന് കെ പി സി സി. ആശാവർക്കർമാർ തിരികെ ജോലിക്ക് പ്രവേശിക്കണമെന്നും, അല്ലെങ്കിൽ പകരം ആളെ നിയമിക്കുമെന്നുമുള്ള സർക്കുലർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും നാളെ കത്തിച്ച് പ്രതിഷേധിക്കുമെന്ന് കെപിസിസി സെക്രട്ടറി എം. ലിജു വ്യക്തമാക്കി. മാർച്ച് 3 ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലേക്കും, മറ്റു ജില്ലകളിൽ കളക്ട്രേറ്റുകളിലേക്കും പ്രതിഷേധ പ്രകടനവും നടത്തും.

************************************

## കെ.എസ്.ഇ.ബി- ഓഫീസ് ഉദ്ഘാടനം

RIU TVPM

നിർമ്മാണം പൂർത്തീകരിച്ച കെ.എസ്.ഇ.ബി അമ്പലപ്പുഴ സെക്ഷൻ ഓഫീസിൻറെയും, സബ് ഡിവിഷൻ ഓഫീസിൻറെയും ഉദ്ഘാടനം മറ്റന്നാൾ മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിക്കും. 2300 ചതുരശ്രയടിയിൽ അമ്പലപ്പുഴ കച്ചേരി മുക്കിന് സമീപമാണ് ഓഫീസ് നിർമിച്ചത്. 36,000 ത്തിലധികം ഉപഭോക്താക്കൾക്ക് പുതിയ ഓഫീസിൻറെ പ്രവർത്തനം സഹായകരമാകും.

************************************

## വെഞ്ഞാറമൂട്-കൂട്ടക്കൊല

വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസിലെ പ്രതി അഫാന്റെ മാതാവ് ഷെമിയുടെ ആരോഗ്യ നിലയിൽ പുരോഗതിയെന്ന് വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ. ഷെമി സംസാരിക്കാനാകുന്ന അവസ്ഥയിലാണെന്നും. ബന്ധുക്കളെ തിരിച്ചറിയുന്നുണ്ടെന്നും ഡോക്ടർ അറിയിച്ചു.

അതേ സമയം കേസിൽ പോലീസ് അന്വേഷണം ഊർജിതമായി പുരോഗമിക്കുകയാണ്. ഇവരുടെ മൊഴിയെടുത്ത് സംഭവത്തിൽ കൂടുതൽ വ്യക്തത വരുത്താനാണ് പോലീസ് ഉദ്ദേശിക്കുന്നത്.

************************************

## ശിവരാത്രി - ഇൻട്രോ

മഹാശിവരാത്രിയോടനുബന്ധിച്ച് സംസ്ഥാനത്തെ ശിവക്ഷേത്രങ്ങളിലെല്ലാം വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ക്ഷേത്രങ്ങളിൽ പ്രത്യേക പൂജയും സംസ്കാരിക പരിപാടികളും നടക്കുന്നുണ്ട്. വ്രതനിഷ്ഠയിൽ തിരുവനന്തപുരം ജില്ലയിലെ ക്ഷേത്രങ്ങളിൽ ശിവരാത്രി ആഘോഷങ്ങൾ ആരംഭിച്ചു. ശിവരാത്രിയോടനുബന്ധിച്ചുള്ള ശിവാലയ ഓട്ടം ഇന്നലെ ആരംഭിച്ചിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

RNUTVPM

************************************

## ശിവരാത്രി - ആലുവ

ശിവരാത്രി ആഘോഷങ്ങൾക്ക് ആലുവ മണപ്പുറം ഒരുങ്ങി. 116 ബലിതറകളാണ് ശിവരാത്രിക്കായി ഇക്കുറി ഒരുക്കിയത്. വൈകിട്ട് മുതൽ ജനങ്ങൾ പിതൃ കർമ്മങ്ങൾക്കായി മണപ്പുറത്തേക്കെത്തും. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും നാളെ രാവിലെ 8.30 ഓടെ വാവുബലിയും നടക്കും. പെരിയാറിന് മറുകരയിലുള്ള അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. വൈകിട്ട് മുതൽ നാളെ ഉച്ച വരെ ആലുവ നഗരത്തിൽ

ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയുടെ ഇന്നത്തെ സർവീസ് സമയം ദീർഘിപ്പിച്ചു.

**************************************

## മഹാ കുംഭമേള

മഹാ കുംഭമേള 2025 നു ഇന്ന് പ്രയാഗ്രാജിൽ സമാപനം. മഹാശിവരാത്രി ദിനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തർ സ്നാനത്തിനായി എത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം 13 നു ആരംഭിച്ച മഹാ കുംഭമേളയിൽ 64 കോടിയിലേറെപ്പേരാണ് പങ്കെടുത്തത്. ചടങ്ങുകളുടെ അവസാന ദിനമായ ഇന്ന് കർശന സുരക്ഷയാണ് അധികൃതർ ഒരുക്കിയിരിക്കുന്നത്.

**************************************

## ആലപ്പുഴ- ഗതാഗത നിരോധനം

RNU TVPM

ആലപ്പുഴ റെയിൽവെ സ്റ്റേഷൻ റോഡിലൂടെയുള്ള ഗതാഗതം മറ്റന്നാൾ മുതൽ അടുത്ത മാസം പത്ത് വരെ നിരോധിച്ചു. സ്റ്റേഷനിൽ നടക്കുന്ന അമൃത് ഭാരത് പദ്ധതി നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി, സ്റ്റേഷനിലേക്കുള്ള പ്രവേശന കവാടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാലാണ് നിരോധനം.

**************************************

## ബസ് ടെർമിനൽ-ഗണേഷ് കുമാർ

KSRTC ചങ്ങനാശ്ശേരിയിൽ നിർമ്മിക്കുന്ന പുതിയ ബസ് ടെർമിനൽ കോംപ്ലക്സിൻറെ നിർമ്മാണ ഉദ്ഘാടനം നാളെ വൈകുന്നേരം ഗതാഗത മന്ത്രി കെബി ഗണേഷ് കുമാർ നിർവഹിക്കും. ജോബ് മൈക്കിൾ എംഎൽഎ അധ്യക്ഷത വഹിക്കും.

***********************************

**ടിയാൽ - ഇലക്ട്രിക് ബസുകൾ**

തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാരെ ടെർമിനലിൽ നിന്ന് വിമാനങ്ങളിലും തിരിച്ചും എത്തിക്കാൻ ഇനി ഇലക്ട്രിക് ബസുകൾ. വിമാനത്താവളത്തെ പരിസ്ഥിതി സൗഹൃദമാക്കാനുള്ള നടപടികളുമായി കൈകോർത്ത് ഇൻഡിഗോ എയർലൈൻസ് ആണ് നാല് ഇ-പാസഞ്ചർ കോച്ചുകൾ കമ്മിഷൻ ചെയ്തത്. ഒരേസമയം 35 യാത്രക്കാരെ കൊണ്ടുപോകാൻ സൗകര്യമുള്ള കോച്ചുകളാണിത്.

***********************************

**ഉയർന്ന താലപനില - ഇൻട്രോ**

RNU TVPM

സംസ്ഥാനത്തെ വിവിധയിടങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും, ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശങ്ങൾ പാലിക്കണമെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ഹസാർഡ് അനലിസ്റ് ആയ ഫഹദ് മർസൂഖ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

***********************************

**മഴ**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

***********************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീടപ്പോരാട്ടത്തിൽ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ നാല് വിക്കറ്റിന് 254 റൺ എന്ന നിലയിൽ. നാഗ്പൂരിലാണ് മത്സരം. കേരളത്തിന് വേണ്ടി എം ഡി നിധീഷ് രണ്ട് വിക്കറ്റ് വീഴ്ത്തി. കന്നി രഞ്ജി ട്രോഫി കിരീടം ലക്ഷ്യമിട്ടാണ് കേരളം കളത്തിലിറങ്ങിയത്.

************************************

## ഐഎസ്എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC - ഹൈദരാബാദ് FC പോരാട്ടം. വൈകുന്നേരം ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

RNU TVPM

************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ടൂർണമെന്റിൽ ഇന്ന് മുബൈ ഇന്ത്യൻസ് യുപി വാരിയേഴ്സുമായി ഏറ്റുമുട്ടും. ബംഗളുരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 ആണ് മത്സരം.

************************************

## കെ.എസ്.എഫ്.ഡി.സി- പ്രദർശനം ഉദ്ഘാടനം

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമ്മിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ രണ്ട് സംവിധായകരുടെ സിനിമകൾ പ്രദർശനത്തിനെത്തുന്നു. വി.എസ്. സനോജ് സംവിധാനം ചെയ്ത 'അരിക്', മനോജ് കുമാർ സി. എസ്. സംവിധാനം ചെയ്ത 'പ്രളയശേഷം ഒരു

ജലകന്യക' എന്നീ ചിത്രങ്ങളാണ് പ്രേക്ഷകർക്ക് മുന്നിലെത്തുന്നത്. മറ്റന്നാൾ തിരുവനന്തപുരം "ശ്രീ" തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ, പ്രദർശന ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിക്കും.

******************************************************

************************************

**********************

RNU TVPM